ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 22.09.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. രാജ്യത്ത് സമ്പാദ്യോത്സവത്തിന് ഇന്ന് തുടക്കമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; ചരക്ക് സേവന നികുതി പരിഷ്ക്കാരങ്ങൾ പ്രാബല്യത്തിൽ വന്നു; 99 ശതമാനം ഉത്പന്നങ്ങൾക്കും നികുതി 5 ശതമാനം മാത്രം.

   **Prime Minister Narendra Modi says that the GST Bachat Utsav will begin from today; GST reforms have come into effect; 99 percent of products will have only 5 percent tax.**

2. പരിഷ്ക്കാരങ്ങൾ നിലവിൽ വരുന്നതോടെ അവശ്യ സാധനങ്ങൾ ഉൾപ്പെടെ 400 - ലധികം ഉത്പന്നങ്ങൾക്ക് വില കുറയും; വിലക്കുറവ് നിരീക്ഷിക്കാൻ ജി.എസ്.ടി വകുപ്പിന് നിർദ്ദേശം നൽകി സംസ്ഥാന സർക്കാർ.

   **With the implementation of the reforms, the prices of more than 400 products, including essential commodities**

3. പ്രധാനമന്ത്രിയുടെ അരുണാചൽ, ത്രിപുര സന്ദർശനം ഇന്ന്; 5,100 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will visit Arunachal Pradesh and Tripura today; Various development projects worth Rs 5,100 crore will be inaugurated.**

4. പ്രവാസികൾക്കായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതിയുടെ

ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും.

**Chief Minister Pinarayi Vijayan will inaugurate the comprehensive health and accident insurance scheme implemented by Norka Roots for NRIs today.**

5. സ്വതന്ത്ര പരമാധികാര പലസ്തീൻരാഷ്ട്രത്തെ ഔദ്യോഗികമായി അംഗീകരിച്ച് ബ്രിട്ടനും ഓസ്ട്രേലിയയും കാനഡയും.

**United Kingdom, Canada and Australia formally recognize the State of Palestine.**

6. ഏഷ്യാ കപ്പ് സൂപ്പർ ഫോർ മത്സരത്തിൽ പാകിസ്ഥാനെ ആറ് വിക്കറ്റിന് തകർത്ത് ഇന്ത്യ; അതിവേഗ അർദ്ധ സെഞ്ച്വറിയുമായി അഭിഷേക് ശർമ.

**India defeats Pakistan by six wickets in the Asia Cup Super-Four match; Abhishek Sharma hits half-century**

**&&&&&&&&&&&&**

**PM GST-REFORMS (INTRO)**

ചരക്ക് സേവന നികുതി പരിഷ്ക്കാരങ്ങൾ സർവതോമുഖമായ പുരോഗതിയ്ക്ക് വഴിയൊരുക്കുമെന്നും രാജ്യത്ത് സമ്പാദ്യോത്സവത്തിന് ഇന്ന് തുടക്കമാകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ജി.എസ്.ടി പരിഷ്ക്കാരങ്ങൾ ഇന്ന് പ്രാബല്യത്തിൽ വരുന്നതോടെ 99 ശതമാനം ഉത്പന്നങ്ങൾക്കും 5 ശതമാനം മാത്രമായിരിക്കും നികുതിയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ആദായ നികുതി ഇളവിനൊപ്പമുള്ള ജി.എസ്.ടി ഇളവ് സാധാരണക്കാർക്കും മധ്യവർഗ്ഗക്കാർക്കും വൻ നേട്ടമാകുമെന്നും അദ്ദേഹം അറിയിച്ചു. പാവപ്പെട്ടവർക്കും മധ്യവർഗത്തിനും യുവജനങ്ങൾക്കും വനിതകൾക്കും വ്യാപാരികൾക്കും സംരംഭകർക്കുമെല്ലാം ജി.എസ്.ടി പരിഷ്ക്കരണം ഗുണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

(ബൈറ്റ്)

നവരാത്രിയുടെ ആദ്യ ദിനം രാജ്യത്തെ കോടിക്കണക്കിന് വീടുകളിലേക്ക് മധുരം എത്തുകയാണെന്ന് ഇന്നലെ രാജ്യത്തെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി വ്യക്തമാക്കി. ഇനി മുതൽ 5%, 18% നികുതി സ്ലാബുകൾ മാത്രമാണ് ഉണ്ടാവുക. സ്വദേശി ഉത്പന്നങ്ങൾക്കും ആത്മനിർഭർ ഭാരതമെന്ന ദർശനത്തിനും പരിഷ്ക്കാരങ്ങൾ കുതിപ്പേകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&

**GST -DESK (INTRO)**

GST പരിഷ്ക്കാരങ്ങൾ ഇന്ന് നിലവിൽ വരുന്നതോടെ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറയും.

**ഒരു റിപ്പോർട്ട്.....**

( വോയിസ്)

**GST -DESK (VOICE)**

വെണ്ണ, നെയ്യ്, പാൽ, പാലുത്പന്നങ്ങൾ, ഷാംപൂ, ഹെയർഓയിൽ, ടൂത്ത്പേസ്റ്റ്, ബ്രഷ്, സോപ്പ്, ഫീഡിങ് ബോട്ടിൽ, കണ്ണട, കുട്ടികളുടെ നാപ്കിൻ, ക്ലിനിക്കൽ ഡയപ്പർ എന്നിവയ്ക്ക് വില കുറയും. എ.സി, എൽ.ഇ.ഡി, 32 ഇഞ്ചിന് മുകളിലുള്ള ടി.വി കൾ, മോണിറ്റർ, പ്രൊജക്ടർ, ഡിഷ് വാഷർ, വാഷിങ് മെഷീൻ എന്നീ ഇലക്ട്രോണിക് സാധനങ്ങളുടെ വിലയും കുറയും. 1200 സി.സി വരെയുള്ള പെട്രോൾ, സി.എൻ.ജി കാറുകൾ, ഡീസൽ കാറുകൾ 1500 സി.സി വരെ, 350 സി.സി ക്ക് താഴെയുള്ള ഇരുചക്രവാഹനങ്ങൾ, ചരക്കു വാഹനങ്ങൾ എന്നിവയുടെ വില കുറയുന്നത് സാധാരണക്കാർക്കും വാഹനിർമ്മാതാക്കൾക്കും ഒരു പോലെ ഗുണം ചെയ്യും. മാപ്പ്,

ചാർട്ട്, ഗ്ലോബ്, പെൻസിൽ, ഷാർപ്പർ, നോട്ടുബുക്കുകൾ എന്നിവയുടെ വില കുറയുന്നത് വിദ്യാഭ്യാസ ചെലവ് കുറയ്ക്കും. ആരോഗ്യ ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ് എന്നിവയ്ക്കുള്ള തുകയിൽ കുറവുണ്ടാകും. മാർബിൾ, ഗ്രാനേറ്റ്, സിമൻറ് അടക്കമുള്ള നിർമ്മാണ സാമഗ്രികൾക്കും ചെലവ് കുറയും. കൃഷി, ആരോഗ്യം, വസ്ത്ര നിർമ്മാണം എന്നീ മേഖലകളിലും സാധാരണക്കാർക്ക് വലിയ ആശ്വാസമുണ്ടാകും.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&

## SHAH – GST

ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പുതു തലമുറ ജിഎസ്.ടി പരിഷ്കാരങ്ങൾ സുപ്രധാന പങ്ക് വഹിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. സ്വദേശി ഉത്പന്നങ്ങൾ സ്വീകരിക്കാനുള്ള പ്രധാനമന്ത്രിയുടെ ആഹ്വാനത്തെ അദ്ദേഹം സ്വാഗതം ചെയ്തു. ഓരോ വീടും സ്വദേശിയുടെ പ്രതീകമാകണമെന്നും അത് വഴി സ്വാശ്രയ രാഷ്ട്രത്തിന്റെ സൃഷ്ടിക്ക് സംഭാവന നൽകണമെന്നും അദ്ദേഹം പൗരന്മാരോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&

## GST –ASHWINI VAISHNAW

GST പരിഷ്കരണത്തിലൂടെ ചരിത്രപരമായ ഒരു തീരുമാനമാണ് പ്രധാനമന്ത്രി കൈക്കൊണ്ടിരിക്കുന്നതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്തെ മധ്യവർഗ കുടുംബങ്ങളടക്കം 140 കോടി ജനങ്ങളുടെ ജീവിതത്തിൽ വലിയ ആശ്വാസം കൊണ്ട് വരാൻ തീരുമാനം വഴി തുറക്കുമെന്നും അദ്ദേഹം ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&

**GST - KERALA**

ജി.എസ്.ടി നിരക്കുകളിൽ മാറ്റം വരുത്തിക്കൊണ്ട് കേരള സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. വില കുറയുന്നോ എന്ന് നിരീക്ഷിക്കാൻ സംസ്ഥാന ജി.എസ്.ടി വകുപ്പിന് സർക്കാർ നിർദ്ദേശം നൽകി. ഉത്പന്നങ്ങളുടെ നിലവിലെ വിലയും നികുതി കുറയുമ്പോഴുള്ള വിലയും സംബന്ധിച്ച കണക്കുകൾ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

&&&&&&&&&&&&

**PM-AP, THRIPURA VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അരുണാചൽ പ്രദേശും ത്രിപുരയും സന്ദർശിക്കും. സന്ദർശന വേളയിൽ, 5,100 കോടി രൂപയിലധികം വരുന്ന ഒന്നിലധികം വികസന പദ്ധതികൾ ശ്രീ മോദി ഉദ്ഘാടനം ചെയ്യും. അരുണാചൽ പ്രദേശിൽ, മൂവായിരത്തി 700 കോടി രൂപയിലധികം വിലമതിക്കുന്ന രണ്ട് പ്രധാന ജലവൈദ്യുത പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടും. തവാങ്ങിൽ ഒരു അത്യാധുനിക കൺവെൻഷൻ സെന്ററിന്റെ ശിലാസ്ഥാപനവും ശ്രീ. മോദി നിർവഹിക്കും. ഇറ്റാനഗറിൽ പൊതുസമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

&&&&&&&&&&&&

**RAJNATH-MOROCCO**

രാജ്യരക്ഷ മന്ത്രി രാജ് നാഥ് സിംഗിന്റെ മൊറോക്കൻ സന്ദർശനത്തിന് തുടക്കം. മൊറോക്കൻ പ്രതിരോധ മന്ത്രിയുടെ പ്രത്യേക ക്ഷണപ്രകാരം കസാബ്ലാങ്കയിൽ എത്തിയ അദ്ദേഹത്തെ മുതിർന്ന ഉദ്യോഗസ്ഥർ, സൈനിക നേതൃത്വം , മൊറോക്കോയിലെ ഇന്ത്യൻ സ്ഥാനപതി സഞ്ജയ് റാണ എന്നിവർ ചേർന്ന് സ്വീകരിച്ചു. ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ആദ്യ ഇന്ത്യൻ പ്രതിരോധ നിർമ്മാണ

പ്ലാന്റ് ഉദ്ഘാടനം ചെയ്യുന്ന രാജ്യ രക്ഷാമന്ത്രി റബാത്തിൽ ഇന്ത്യൻ സമൂഹവുമായി ആശയവിനിമയം നടത്തും.

&&&&&&&&&&&&

## BRITAN - AUSTRALIA - CANADA

സ്വതന്ത്ര പരമാധികാര പലസ്തീൻരാഷ്ട്രത്തെ ഔദ്യോഗികമായി അംഗീകരിച്ച് ബ്രിട്ടനും ഓസ്ട്രേലിയയും കാനഡയും. സമാധാനത്തിനും ദ്വിരാഷ്ട്ര പരിഹാരത്തിനുമുള്ള പ്രതീക്ഷകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ചുവടുവയ്പ്പാണിതെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ പറഞ്ഞു.

&&&&&&&&&&&&

## HEALTH MINISTRY - SWASTH NARI

സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാന്റെ ഭാഗമായി ഈ മാസം 20 വരെ 2.83 ലക്ഷത്തിലധികം ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചതായി കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം. സെപ്റ്റംബർ 17 ന് ആരംഭിച്ച പ്രചാരണപരിപാടിയിൽ ലക്ഷക്കണക്കിന് സ്ത്രീകളും കുട്ടികളും കുടുംബങ്ങളും ഇതിനകം പങ്കെടുത്തു. പ്രചാരണപരിപാടിയിൽ പങ്കെടുക്കുന്നതിനായി രാജ്യവ്യാപകമായി 76 ലക്ഷത്തിലധികം പൗരന്മാർ രജിസ്റ്റർ ചെയ്തതായും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&

## SEVA PARV- AFFORDABLE HOUSING (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ അടച്ചുറപ്പുള്ള വീടുകൾ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച

നടപടികളെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(ഹോൾഡ് വോയിസ്)

## SEVA PARV- AFFORDABLE HOUSING (VOICE)

സാധാരണക്കാർക്ക് താങ്ങാനാകുന്നതും അടച്ചുറപ്പുള്ളതുമായ ഭവനങ്ങൾ ഉറപ്പാക്കുന്ന പദ്ധതികളാണ് പ്രധാൻ മന്ത്രി ആവാസ് യോജന - അർബൻ, പിഎം ആവാസ് യോജന - ഗ്രാമീൺ എന്നിവ. 1.5 ലക്ഷം കോടിയിലധികം രൂപ ചെലവിൽ 7,500-ലധികം പദ്ധതികളാണ് ഇതിനോടകം പൂർത്തീകരിച്ചത്. അമൃത്, അമൃത് 2.0 പദ്ധതികളിലൂടെ ശുദ്ധജല വിതരണം, മലിനജല സംസ്കരണം, ഹരിത ഇടങ്ങളും ജലാശയ പുനരുജ്ജീവനം എന്നിവയും സാധ്യമായിട്ടുണ്ട്.

(pm voice)

ഉജാല പദ്ധതി പ്രകാരം രാജ്യമെമ്പാടുമുള്ള വീടുകളിൽ എൽ.ഇ.ഡി ലൈറ്റുകൾ എത്തി. പ്രധാനമന്ത്രി ഉജ്ജ്വലയോജന പ്രകാരം സാധാരണ വീട്ടമ്മമ്മാർക്കായി പാചകവാതകകണക്ഷനുകളും യാഥാർത്ഥ്യമായി. ജൽ-ജീവൻ മിഷൻ വഴി ഗ്രാമങ്ങളിൽ ശുദ്ധജലം എത്തിയതിന് പുറമെ, നഗര-ഗ്രാമീണ പ്രദേശങ്ങളിൽ സ്വച്ഛ് ഭാരത് മിഷന്റെ നേതൃത്വത്തിലുള്ള ശുചിത്വപരിപാടികളും നടപ്പാക്കി. ജനജീവിതം സുഗമമാക്കുന്ന ഇത്തരം പദ്ധതികളിലൂടെ പരിവർത്തനാത്മക വികസിത ഇന്ത്യയാണ് കേന്ദ്രസർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

&&&&&&&&&&&&

## NORKA CARE

പ്രവാസികളായ കേരളീയർക്കും കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി 'നോർക്ക കെയർ' ഇന്ന് നിലവിൽ വരും. പദ്ധതിയുടെ ഉദ്ഘാടനം വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയും.

&&&&&&&&&&&&

**VIKASANA SADAS-CM**

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന വികസന സദസിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും. തിരുവനന്തപുരത്ത് നിശാഗന്ധിയിലാണ് ഉദ്ഘാടന ചടങ്ങ്. മന്ത്രി എം.ബി.രാജേഷ് അധ്യക്ഷത വഹിക്കും.

&&&&&&&&&&&&

**ASIA CUP (INTRO**

ഏഷ്യ കപ്പ് ക്രിക്കറ്റിൽ പാക്കിസ്ഥാനെതിരെ ആധിപത്യം തുടർന്ന് ഇന്ത്യ. ഇന്നലെ നടന്ന സൂപ്പർ ഫോർ മത്സരത്തിൽ ആറു വിക്കറ്റിനാണ് ടീം ഇന്ത്യയുടെ വിജയം. ആകാശവാണിക്ക് വേണ്ടി **സുരേഷ് എടപ്പാൾ തയാറാക്കിയ റിപ്പോർട്....**

(വോയിസ്)

&&&&&&&&&&&&

**BCCI**

ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിൻറെ പുതിയ പ്രസിഡൻറായി മിഥുൻ മൻഹാസ് തിരഞ്ഞെടുക്കപ്പെട്ടു. മുൻ ക്രിക്കറ്റ് താരമാണ് മൻഹാസ്.

&&&&&&&&&&&&&&&&&&&
&&&